സൊസൈറ്റികൾ രണ്ടോ, മൂന്നോമാത്രമെയുള്ളുവെന്നാണ് തോന്നുന്നത്. ബ്രിട്ടീഷിൽ കോയമ്പത്തൂർ, സേലം മുതലായ സ്ഥലങ്ങളിൽ ലക്ഷോപലക്ഷം രൂപ ഇറക്കി കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്നുണ്ട്. എനിക്ക് അതെല്ലാം കാണുമ്പോൾ വളരെ അത്ഭുതം തോന്നുന്നുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇൻഡസ്ട്രീസ് സൊസൈറ്റികളുമുണ്ട്.

മിസ്റ്റർ ടി. കെ. നായർ: ഡിപ്പാർട്ട്മെണ്ടിനെ കൊണ്ട് ചെയ്യിക്കേണ്ടതൊക്കെ ചെയ്യിക്കാം. അനുദ്യോഗസ്ഥമെമ്പർമാർ ഇതിനു വേണ്ടുന്ന സഹായം ചെയ്യുതരികയാണെങ്കിൽ ഈ ഫ്രഫ്രവ്-ൽ തന്നെ ഒരു മാതൃകയായിട്ട് അഞ്ചാറു സൊസൈറ്റീസ് എങ്കിലും തുടങ്ങുവാൻ സാധിക്കും.

മിസ്റ്റർ ഇബ്രാൽ ഹാജി ഇസ്സാഷേട്ട: ഈ ഡിപ്പാർട്ട്മെണ്ടിന്റെ സഹായം എന്നു പറഞ്ഞത് ഏതു വിധത്തിലുള്ളതാണ്.

മിസ്റ്റർ ടി. കെ. നായർ: ആദ്യമായി അതു റജിസ്റ്റർ ചെയ്യുക. അങ്ങിനെ റജിസ്റ്റർ ചെയ്യുവാൻ ഡിപ്പാർട്ടുമെണ്ടലായിട്ട് യാതൊരു കഷ്ടപ്പാടുമില്ല. അതുതന്നെ ഒരു സഹായമല്ലേ? പിന്നെ ഗവമ്മെണ്ടിൽനിന്ന് പണം ആവശ്യമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം. ഇങ്ങിനെയൊക്കെയുള്ള സഹായമല്ലാതെ പിന്നെ എന്താണ് ചെയ്യുവാൻ സാധിക്കുക?

Mr. E. Ikkanda Warriar *(Cheruthuruthi):* I do not wish to press this motion.

Motion, by leave, withdrawn

The demand of Rs. 25,480 under "4. Co-operative Societies" was put and carried

8. Matches Rs. 2,403

Mr. M. Raman Menon *(Commissioner of Excise):* I rise to move for an allotment of Rs. 2,403 under "8. Matches".

Demand put and carried

7. Excise Rs. 1,37,831

Mr. M. Raman Menon *(Commissioner of Excise):* I rise to move for an allotment of Rs. 1,37,831 under "7. Excise".

CUT MOTION No. 1

For auctioning out neighbouring toddy shops to different contractors

മിസ്റ്റർ കെ. എസ്സ്. പണിക്കർ: *To reduce the allotment of Rs. 14,053 for Commissioner's office Establishment by Re. 1.* (ഒരു താലൂക്കിൽ ഒന്നിനോടു ഒന്നു അടുത്തുകിടക്കുന്ന കള്ളുഷാപ്പുകളും കൂട്ടമായി ഒരാൾക്കു ലേലത്തിൽകൊടുക്കുന്ന സമ്പ്രദായം തീരെ അനാശാസ്യകരമാണെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) സർ, ഈ ഷാപ്പുകളും ഓരോന്നായി ലേലംവിളിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു വളരെ ആദായമുണ്ടെന്നതുതന്നെയല്ല; ജനങ്ങൾക്കു വളരെ രക്ഷയുമുണ്ട്. എന്നാൽ മദ്യത്തിൽ വിറ്റാമിൻ "A" മുതൽ "Z" വരെ ഉണ്ടെന്നാണ് പറയുന്നതു്. അതു ശരീരത്തിനു ആരോഗ്യത്തെ ഉണ്ടാക്കുവാൻ ഏറ്റവും ആവശ്യമായിട്ടുള്ള ഒന്നാണ്. എന്നതുതന്നെയല്ല, മനസ്സിനു് ഉന്മേഷമുണ്ടാക്കും, ക്ഷീണിച്ചവരെ ഉത്സാഹമുള്ളവരാക്കും, ബുദ്ധിക്കു് കൂർമ്മതയുണ്ടാക്കും, എന്നുവേണ്ട ഒരു സർവ്വരോഗസംഹാരിയും കൂടിയാണു് മദ്യം. "മദ്യം" എന്നുവെച്ചാൽ "കള്ള്" എന്നാണ് ഞാൻ വിവക്ഷിക്കുന്നതെന്നു് പ്രത്യേകം ഓർമ്മിക്കണം. ഇതു് ലഹരി ഉണ്ടാകാത്തവിധത്തിൽ കഴിക്കണമെന്നു് മാത്രമേയുള്ളു. ലഹരി ഉണ്ടാകുന്നിടത്തോളം ഇതു് കഴിക്കരുതു്. ഇത് ആരോഗ്യത്തിനു് വളരെ വിശേഷപ്പെട്ടതാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇതു് കള്ളുഷാപ്പുകളിൽ വിതരണം ചെയ്യുന്നതു് ആരോഗ്യത്തെ ഹനിക്കുന്നവിധത്തിലാണെന്നു് പറയാതെ നിവൃത്തിയില്ല. അതായതു് ഏതെങ്കിലും ഒരു ഷാപ്പിൽ കള്ളു മോശമാണെങ്കിൽ അടുത്ത ഷാപ്പിൽ പോയാൽ നല്ലകള്ളുകിട്ടുമെന്നു വിചാരിച്ചു ആളുകൾ അങ്ങോട്ടുചെല്ലും. എന്നാൽ അടുത്ത ഷാപ്പും ലേലത്തിൽവിളിച്ചിരിക്കുന്നതു ഒരാൾതന്നെ ആയതുകൊണ്ടു് കള്ളിൽ വെള്ളം ചേർത്തു വില്ക്കുന്നസമ്പ്രദായം വന്നാൽ അതുകൊണ്ടു ഗുണമുണ്ടാകുന്നതിനുപകരം വളരെ ദോഷമാണു് ഉണ്ടാവുക. ചക്കരക്കള്ളിനോടുകൂടി പുളിച്ച കള്ളുചേർത്തുകഴിച്ചാൽ അതു ആരോഗ്യത്തെ നശിപ്പിക്കുന്നതാണ്. തന്മൂലം ഡിസൻട്രി മുതലായ സുഖക്കേടുകളുണ്ടാകുമെന്നാ

LIBRARY ARCHIVES Kerala Legislative Assembly